(എ) 1963 ഡിസംബർ മാസത്തോടുകൂടി ആകെ ഹോംഗാർഡ്സിൽ ചേർന്നവരുടെ മൊത്തം എണ്ണം എത്ര ;

(ബി) ആകെ ചേർന്ന ഹോംഗാർഡുകളിൽ തൊഴിലാളി, കർഷക, അദ്ധ്യാപക, വിദ്യാർത്ഥി, വ്യാപാരി എന്നീ വിഭാഗങ്ങളിൽനിന്നും എത്രപേർ വീതം ഉൾപ്പെട്ടിട്ടുണ്ടെന്നു കണക്കെടുത്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വേർതിരിച്ചു കണക്കു പറയാമോ ;

(ഡി) ഹോംഗാർഡ് സംഘടനയ്ക്കുവേണ്ടി ഡിസംബർമാസംവരെയ്ക്കും എത്ര രൂപ ഈ സാമ്പത്തികവർഷത്തിൽ ചെലവു ചെയ്തു ;

(ഈ) 1963 ജനുവരി മുതൽ ഡിസംബർ ഒടുവിൽ വരെയുള്ള ഈ കലണ്ടർ വർഷത്തിൽ ഹോംഗാർഡിന്റെ സേവനം ഉപയോഗപ്പെടുത്തിയ പ്രധാന സന്ദർഭങ്ങൾ ഏതൊക്കെ ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ) :

(എ) 3933. (മൂവായിരത്തിതൊള്ളായിരത്തിമുപ്പത്തിമൂന്നു.)

(ബി&സി) വിവിധ വിഭാഗങ്ങളിൽപ്പെട്ടവരുടെ കണക്കു താഴെ പറയുംപ്രകാരമാണു് :

തൊഴിലാളികൾ	268
കൃഷിക്കാർ	1374
അദ്ധ്യാപകർ	649
വ്യാപാരികൾ	137
അദ്ധ്യാപകരല്ലാത്ത ഗവണ്മെന്റു് ഉദ്യോഗസ്ഥന്മാർ	846
പ്രൈവറ്റ് ഗവണ്മെന്റു് ഉദ്യോഗസ്ഥന്മാർ	46
സഹകാര്യസ്ഥാപനങ്ങളിലെ ജോലിക്കാർ	230
അഭിഭാഷകർ	11
ഡോക്ടർമാർ	4
മറ്റുള്ളവർ	363

(ഡി) 9,86,186 രൂപ 25 നയാപൈസ.

(ഈ) ഹോംഗാർഡുകളുടെ സേവനം പ്രധാനമായി താഴെ പറയുന്ന സന്ദർഭങ്ങളിൽ ഉപയോഗപ്പെടുത്തുകയുണ്ടായി.

(1) 13-2-1963-നു് കൊല്ലത്തു് അഗ്നിശമന പ്രവർത്തനത്തിനു്.

(2) 11-4-1963-നു് എറണാകുളത്തു് ഒരു സഹകാര്യ എണ്ണ ഡിപ്പോവിൽ അഗ്നിശമനത്തിനു്.

(3) 14-4-1963-നു് പാലക്കാട്ടു് അഗ്നിശമനത്തിനു്.

(4) 17-8-1963-നു് വട്ടക്കായലിലെ ബോട്ടപകടം (വള്ളംകളി) ഒക്ടോബർ മാസത്തിൽ ഇൻഡ്യൻയൂണിയൻ പ്രസിഡൻറിന്റെ തിരുവനന്തപുരം സന്ദർശനം; കോട്ടയം ജില്ലയിലെ ബോട്ടപകടം (വള്ളംകളി) എന്നിവയോടനുബന്ധിച്ചു ബന്തോബസ്സു് ജോലികൾക്കു്.

(5) കണ്ണൂർ ജില്ലയിലൊഴികെ, ഇക്കഴിഞ്ഞ പഞ്ചായത്തു തിരഞ്ഞെടുപ്പിനോടനുബന്ധിച്ചു ബന്തോബസ്സു് ജോലികൾക്കു്.

(6) 13-11-1963-ൽ കൊല്ലം ജില്ലയിലെ ഉലയികടവിനടുത്തുണ്ടായ മീൻപിടുത്ത തോണി അപകടത്തിൽപ്പെട്ടവരെ രക്ഷിക്കുന്നതിനു്.

(7) തുമ്പയിൽവച്ചു നടന്ന ഒന്നാമത്തെ റോക്കറ്റ് വിക്ഷേപണത്തോടനുബന്ധിച്ച ബന്തോബസ്സു ജോലികൾക്കു്.

(8) തിരുവനന്തപുരം വഞ്ചിയൂർ സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത സൈക്കിൾ മോഷണക്കേസു് തെളിയിക്കുന്നതിൽ പോലീസിനെ സഹായിക്കുവാൻ.

നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനവു്.

* 21. [34] ശ്രീ. പാറയിൽ ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിത്യോപയോഗസാധനങ്ങളുടെ അമിതമായ വിലക്കയറ്റം തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടു് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ ഫലമായി ഏതെല്ലാം സാധനങ്ങളുടെ വിലയിൽ കുറവു വന്നിട്ടുണ്ട് ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്) :

(എ) നിത്യോപയോഗസാധനങ്ങളിൽ അരിക്കു 1963 ഡിസംബർ മാസത്തിൽ വിലവർദ്ധനവു് അനുഭവപ്പെട്ടിട്ടുണ്ടു്. വിലവർദ്ധനവു് തടയുന്നതിനു് ന്യായവിലഷാപ്പുകൾ വഴിയുള്ള അരിവിതരണം 22–12–1963 മുതൽ രണ്ടാഴ്ചക്കാലത്തേയ്ക്കു് ഇരട്ടിപ്പിക്കുകയും സാധാരണ വ്യാപാരമാർഗ്ഗങ്ങളിൽക്കൂടി കഴിയുന്നതു കൂടുതൽ സ്റ്റോക്കു് കേരളത്തിൽ എത്തുന്നതിനു് വേണ്ട നടപടികൾ കൈക്കൊള്ളുകയുമുണ്ടായി. വ്യാപാരികളുടെ അമിതലാഭേച്ഛയെ നിരുത്സാഹപ്പെടുത്തുന്നതിനു് കളക്ടറന്മാർ പ്രത്യേക കാൺഫറൻസുകൾ നടത്തുകയും വിലവിവരം കാണിക്കുന്ന ബോർഡു് വ്യാപാരസ്ഥലങ്ങളിൽ പ്രദർശിപ്പിക്കണമെന്നു് നിർബ്ബന്ധിക്കുകയുമുണ്ടായി.

നിത്യോപയോഗസാധനങ്ങൾ ഉപഭോക്താക്കൾക്കു് വിതരണം നടത്തുന്നതിനായി ഉപഭോക്തൃസഹകരണശാലകൾ ഓരോ ഡിസ്ട്രിക്ടിലും സ്ഥാപിച്ചുകൊണ്ടിരിക്കുകയാണു്. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോടു് എന്നീ സ്ഥലങ്ങളിൽ ഇവ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ടു്. ഈ സ്റ്റോറുകളിൽനിന്നും അവയുടെ ശാഖകൾവഴിയായും പ്രൈമറിസംഘങ്ങൾ വഴിയായും നിത്യോപയോഗസാധനങ്ങൾ ന്യായമായ വിലയ്ക്കു് വിതരണം ചെയ്യുന്നതിനുള്ള പരിപാടി പുരോഗമിച്ചുകൊണ്ടിരിക്കുകയാണു്.

(ബി) അരിയുടെ വില 1963 ഡിസംബർ അവസാന ആഴ്ചയിൽ ഗണ്യമായ രീതിയിൽ കുറയുകയുണ്ടായി.

Report of Techno-economic Survey of Kerala.

* 22. [37] ശ്രീ. ടി. മുരുകേசன் : கீழ் காணும் விஞ்சுகளுக்கு உணவு மந்திரி அவர்கள் விடை பகர்வார்களாக:

(எ) டாக்டர் லோகநாதனின் ரிப்போர்ட்டில் Tea Replanting திட்டங்கள் சரிவர நடத்தப்படவில்லையென்றும், இப்பொழுது வருஷா வருஷம் 1000 ஏக்கர் Tea Plant செய்யவேண்டுமென்றும் சிபார்சு செய்ததை சம்மதித்து சென்ட்ரல் டீ போர்ட் கேரளா சர்க்காருக்கு ஏதேனும் கடிதங்கள் அனுப்பியுள்ளதா;

(பி) அதன் பேரில் 1964-'65-ல் 1000 ஏக்கர்களாவது Tea Replant செய்வதற்கு ஏதாவது திட்டமிட்டிருக்கிறதா;

(ஸி) அப்படியானால் எந்த பாகத்தில் Tea Replant செய்வதற்கு நடவடிக்கை செய்யப்பட்டு வருகிறது;

(டி) கூடுதல் ஏக்கர் பூமிகள் உடமைகளிடமிருப்பதால் அங்கே புதியதாக தேயிலை பயிர் செய்ய வழி செய்து கொடுக்கப்படுமா ?

Minister for Food and Agriculture (**Shri E. P. Poulose**) :

(a) No letter from the Tea Board has been received in this connection.

(b) No.

(c) Does not arise.

(d) Replanting is an item to be taken up by the Planters themselves.

Appointment of persons to Offices connected with the Courts.

* 23. [38] **Shri K. K. Viswanathan** : Will the Minister for Home Affairs be pleased to state :

LIBRARY ARCHIVES Kerala Legislative Assembly